# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 3080.

22..6..2012-ൽ മറുപടിക്ക്

## ക്ഷീരകർഷകരും ക്ഷീരോല്പാദക സംഘങ്ങളും നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി. | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരകർഷകരും ക്ഷീരോല്പാദക സംഘങ്ങളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) സങ്കരയിനം പശുക്കളെ വാങ്ങി നല്കുന്ന എം.എസ്.ഡി.പി. പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, ആർ.കെ.വി.വൈ പദ്ധതി, ക്ഷീരസംഘങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതി എന്നിവ ക്ഷീരകർഷകർക്കു വേണ്ടി നടപ്പിലാക്കി വരുന്നുണ്ട്. പുതുതായി ആരംഭിക്കുന്ന ക്ഷീര സംഘത്തിനുള്ള ധനസഹായം, കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം, പാൽ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ഉപകരണങ്ങളും കെമിക്കലും വാങ്ങുന്നതിനുള്ള ധനസഹായം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റിനുള്ള ധനസഹായം, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം പദ്ധതിയിൽ ഉൾപ്പെടുത്തി ഡെയറി യൂണിറ്റ് തുടങ്ങുന്നതിനുള്ള ധനസഹായം, പുൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പുൽകൃഷിക്കുള്ള ധനസഹായം എന്നിവ ക്ഷീരസംഘങ്ങൾക്ക് നൽകി വരുന്നുണ്ട്. ക്ഷീരസംഘങ്ങൾക്ക് അവശ്യാധിഷ്ഠിത ധനസഹായവും നല്കുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴിയും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) ക്ഷീരകാർഷികവൃത്തിയിലെ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തുവാനായി കേന്ദ്ര സർക്കാരി |

നോട് അപേക്ഷിച്ചിരുന്നെങ്കിലും പുതുതായി അംഗീകരിച്ച മാറ്റങ്ങൾ വഴി ക്ഷീരവികസനവു മായി ബന്ധപ്പെട്ട് കന്നുകാലി തൊഴുത്തിനുള്ള തറ, ഗോമൂത്ര സംഭരണി, പുൽതൊട്ടി, കന്നുകാലികൾക്കുള്ള സപ്ലിമെന്ററി തീറ്റയായ അസോള കൃഷി എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

(സി) ക്ഷീരകർഷകരെ കടാശ്വാസ പദ്ധതി യിൽ ഉൾപ്പെടുത്തി കടങ്ങൾ എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ?

(സി) 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ 2(vii), 2(xiii), 2(i) എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം നാലു ഹെക്ടറിൽ കവിയാത്ത ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാതിരിക്കുകയും കൃഷി പ്രധാന ഉപജീവന മാർഗ്ഗമായിരിക്കുകയും ചെയ്യുന്ന ഒരാളിൽ നിന്ന് കമ്മീഷൻ നിലവിൽ വന്ന തീയതിയിൽ (18..1..2007) സഹകരണ സംഘങ്ങൾക്കോ സഹകരണ ബാങ്കുകൾക്കോ സ്വകാര്യ പണം കടം കൊടുപ്പുകാർക്കോ കിട്ടാനുള്ള ബാധ്യതകൾ കടാശ്വാസ സമ്മിഷന്റെ പരിധിയിൽ വരുന്നുണ്ട്. കന്നുകാലിയുടെ പ്രജനനവും പരിപാലനവും കൃഷി എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷീരകർഷകർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നോ സ്വകാര്യ പണം കടം കൊടുപ്പുകാരിൽ നിന്നോ 18..1..2007-ന് മുമ്പ് എടുത്തിരുന്ന വായ്പകളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വരുന്നുണ്ട്. എന്നാൽ 20..2..2009 ലെ ജി.ഒ.(എം.എസ്.) നം.37/2009/കൃഷി പ്രകാരം കടാശ്വാസ കമ്മീഷനിൽ വ്യക്തിഗത അപേക്ഷകൾ സ്വീകരി ക്കുന്നതിനുള്ള അവസാന തീയതി 31..5..2009 ആയി നിശ്ചയിച്ചിട്ടുള്ളതിനാൽ നിലവിൽ കടാ- ശ്വാസത്തിനുള്ള അപേക്ഷകൾ കമ്മീഷനിൽ സ്വീകരിക്കുന്നില്ല.

സെക്ഷൻ ഓഫീസർ.